സംഘത്തിനു് ഇനി വിഷമം കൂടാതെ കഴിച്ചുകൂട്ടാമെന്നുള്ള ഉറപ്പു നൽകിയതു കൊണ്ടും അതിൽ വേണ്ട നടപടികളും എടുക്കാൻ തീരുമാനിച്ചിരിക്കുന്നതുകൊണ്ടും ഇനി ഇക്കാര്യത്തിൽ ഒരു കുഴപ്പവും ഉണ്ടാകുന്നതല്ല.

ശ്രീ. അലക്സാണ്ടർ പറമ്പിത്തറ : അപ്പോൾ എല്ലാം തേഞ്ഞുമാഞ്ഞുപോയോ ?

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ : പോയി.

മി: സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിന്റെ വെളിച്ചത്തിൽ ഈ അടിയന്തിരപ്രമേയത്തിനു് അനുമതി നൽകുന്നില്ല.

Agritation by the Kerala Private College Teachers Association

മി: സ്പീക്കർ: അഖിലകേരള പ്രൈവറ്റു് കോളേജു് ടീച്ചേഴ്സു് അസോസിയേഷൻ ആരംഭിച്ചിട്ടുള്ള സത്യഗ്രഹമുലം ഉളവായിട്ടുള്ള സ്ഥിതിവിശേഷത്തെപ്പറ്റി ബഹുമാനപ്പെട്ട മന്ത്രിക്കു് സംസാരിക്കാം.

ശ്രീ. കെ. കരുണാകരൻ : ഞാൻ കൊടുത്തിട്ടുള്ള അടിയന്തിരപ്രമേയത്തെ സംബന്ധിച്ചുകൂടി വിശദീകരണം കൊടുത്താൽ കൊള്ളാം.

വിദ്യാഭ്യാസമന്ത്രി (ശ്രീ. സി. എച്ചു്. മുഹമ്മദുകോയ) : സർ, കൊല്ലം ഫാത്തിമാകോളേജിൽനിന്നും പിരിച്ചുവിട്ട അദ്ധ്യാപകന്മാരെ തിരിച്ചെടുക്കുന്നതിനും മറ്റു കോളേജുകളിലെ അദ്ധ്യാപകന്മാർക്കു് സുരക്ഷിതത്വം ലഭിക്കുന്നതിനും വേണ്ടി പ്രൈവറ്റുകോളേജു് അദ്ധ്യാപകന്മാർ ഒരു സമരം നടത്തിവരികയാണു്. ഈ പ്രശ്നത്തിൽ ഗവണ്മെൻറിന്റെ നയം ഞാൻ മുമ്പു വ്യക്തമാക്കിയതാണു്. അദ്ധ്യാപകന്മാർക്കു് സുരക്ഷിതത്വം നൽകുന്നതിൽ ഗവണ്മെൻറു വളരെ മുന്നോട്ടു പോകുകയും അതിലേക്കു് ഒരു നിയമനിർമ്മാണംതന്നെ നടത്തുകയും ചെയ്ത കാര്യം ഈ സഭ ഓർക്കുന്നുണ്ടാകും. ആ നിയമനിർമ്മാണത്തിൽ ചിലതു് ഭേദഗതി ചെയ്തിരിക്കുകയാണെന്നുള്ള വസ്തുതയും ഈ സഭയ്ക്കു് അറിയാവുന്നതാണു്. എന്നാൽ ഇന്നത്തെ പരിതഃസ്ഥിതിയിൽ ഈ പ്രശ്നം പരിഹരിക്കാൻ എന്തെങ്കിലും മാർഗ്ഗം ഉണ്ടോയെന്നു് നോക്കുകയും, കൂടിയാലോചനകൾ വഴി പ്രശ്നം പരിഹരിക്കാൻ ശ്രമിക്കുകയും ചെയ്യും. അതല്ല മറ്റേതെങ്കിലും വിധത്തിൽ പ്രശ്നം പരിഹരിക്കാൻ സാധിക്കുമെന്നു് ആരെങ്കിലും ഗവണ്മെൻറിനെ ബോദ്ധ്യപ്പെടുത്തുകയാണെങ്കിൽ അതു് സ്വീകരിക്കാനും ഗവണ്മെൻറു തയാറാണെന്നു് ഞാൻ ഈ സന്ദർഭത്തിൽ അറിയിച്ചുകൊള്ളുന്നു.

ശ്രീ. പി. ഉണ്ണിക്കൃഷ്ണപിള്ള : വളരെ ഗുരുതരമായ സംവേവികാസങ്ങളിലേക്കു് വഴിതെളിക്കുന്ന ഒരു പ്രശ്നമാണിതു്, ആ നിലയ്ക്കു് മാനേജ്മെൻറുകളുടെ പ്രതിനിധികരളെയും മറ്റു ബന്ധപ്പെട്ട ആളുകളേയും വിളിച്ചുവരുത്തി ഇന്നതന്നെ ഈ പ്രശ്നത്തിനൊരു പരിഹാരം കാണാൻ ശ്രമിക്കുമോ ?

ശ്രീ. സി. എച്ചു്. മുഹമ്മദുകോയ : അങ്ങനെ ചെയ്യാം.

മി: സ്പീക്കർ : ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിന്റെ വെളിച്ചത്തിൽ ഞാൻ ഈ അടിയന്തിരപ്രമേയത്തിനു് അനുമതി നൽകുന്നില്ല.

(iii) *Lathi Charge on the Students and a few of the Teachers in the Fathima Mata College*

മി: സ്പീക്കർ : കൊല്ലം ഫാത്തിമാ കോളേജിലെ ചില അദ്ധ്യാപകന്മാരുടെ നേരെയും വിദ്യാർത്ഥികളുടെ നേരെയും സ്റ്റേറിലെ മറ്റു പല ഭാഗങ്ങളിലെ വിദ്യാർത്ഥികളുടെ നേരെയും പോലീസു് നടത്തിയ ലാത്തിച്ചാർജ്ജു് മൂലം സംജാതമായിട്ടുള്ള ഗുരുതരാവസ്ഥയെപ്പറ്റി ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കു് സംസാരിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. ഇ. എം. ശങ്കരൻനമ്പൂതിരിപ്പാട്): സർ, കൊല്ലം ഫാത്തിമ മാതാ കോളേജിലെ ചില അദ്ധ്യാപകന്മാരുടെ നേരെയും വിദ്യാർത്ഥികളുടെ നേരെയും സ്റ്റേറിലെ മറ്റു പല ഭാഗങ്ങളിലെ വിദ്യാർത്ഥികളുടേയും നേരെ പോലീസ് നടത്തിയ ലാത്തിച്ചാർജ്ജിനെപ്പറ്റി അന്വേഷിക്കുന്നതിനുള്ള ഓർഡർ ഇട്ടിട്ടുണ്ട്.

ശ്രീ. ടി. എ. മജീദ് : ഫാത്തിമാ കോളേജിലെ വിദ്യാർത്ഥികളെ ഡിസ്മിസ്സ് ഹോസ്റ്റിറ്റൽ വളപ്പിനകത്തിട്ട് അടിച്ചതിനെപ്പറ്റി അന്വേഷണം നടത്തുമോ ?

ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്: അതും ഈ അന്വേഷണ പരിധിയിൽപ്പെട്ടും.

ശ്രീ. ടി. കെ. രാമകൃഷ്ണൻ : തിരുവനന്തപുരത്തുള്ള വിദ്യാർത്ഥികളെ മർദ്ദിച്ചതിനെപ്പറ്റിയും അന്വേഷണം നടത്തുമോ ?

ശ്രീ. ഇ. എം. ശങ്കരൻനമ്പൂതിരിപ്പാട് : അതും ഈ അന്വേഷണ പരിധിയിൽപ്പെട്ടും.

ശ്രീ. കെ. എം. ജോർജ്ജ് : എറണാകുളത്തുള്ള വിദ്യാർത്ഥികളും ട്രാൻസ്പോർട്ട് കോർപ്പറേഷൻ തൊഴിലാളികളും തമ്മിൽ ഉണ്ടായ സംഘട്ടനത്തെപ്പറ്റിയും അന്വേഷണം നടത്തുമോ ?

ശ്രീ. ഇ. എം. ശങ്കരൻനമ്പൂതിരിപ്പാട് : അതു് ഈ അന്വേഷണപരിധിയിൽപ്പെടുകയില്ല. ഫാത്തിമാകോളേജിലുള്ള സംഘട്ടനത്തെപ്പറ്റിയാണു് നിവേദനം നടത്തിയിട്ടുള്ളതു്.

ശ്രീ. കെ. എം. ജോർജ്ജ്: എറണാകുളത്തുണ്ടായ സംഭവത്തെ സംബന്ധിച്ചു് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതിൽനിന്നും അവിടെ ഉണ്ടായ സംഘട്ടനം വളരെ ഗുരുതരമായതാണെണു് മനസ്സിലാക്കാവുന്നതാണു്. അവിടെ രണ്ടു ഭാഗത്തുനിന്നും വളരെയധികം അക്രമം ഉണ്ടായിട്ടുണ്ടു്. അതുകൊണ്ടു് അതുംകൂടി ഈ അന്വേഷണ പരിധിയിൽ ഉൾപ്പെടുത്തുന്നതിനു് എന്താണു് തടസ്സം ?

ശ്രീ. ഇ. എം. ശങ്കരൻനമ്പൂതിരിപ്പാട് : ഇപ്പോഴിട്ടിരിക്കുന്ന ഓർഡറിൽ അതു് ഉൾപ്പെടുത്താൻ സാധിക്കുകയില്ല. കാരണം അതു് ഫൈനൽസ്റ്റേജായിക്കഴിഞ്ഞു.

ശ്രീ. കെ. കരുണാകരൻ : കൊല്ലം ഫാത്തിമ മാതാ കോളേജിൽ മാത്രമല്ല മറ്റു പല വിദ്യാലയങ്ങളിലും സമരം നടക്കുകയും ലാത്തിച്ചാർജ്ജുകൾ നടക്കുകയും ചെയ്യുകയും സ്കൂളിനകത്തു കയറി പോലീസ് ലാത്തിച്ചാർജ്ജ് നടത്തുകയുണ്ടായി. അതുകൊണ്ടു് ഇതെല്ലാം ഉൾപ്പെടുത്തുമോ ?

ശ്രീ. ഇ. എം. ശങ്കരൻനമ്പൂതിരിപ്പാട് : ഇപ്പോൾ ഗവണ്മെൻറിനു കിട്ടിയിട്ടുള്ള നിവേദനത്തിന്റെ അടിസ്ഥാനത്തിലാണു് അന്വേഷണത്തിനുള്ള ഓർഡർ ഇട്ടതു്. ആ ഓർഡർ പാസ്സാക്കിക്കഴിഞ്ഞതുകൊണ്ടു് അതിൽ ഇനി ഒന്നും ഉൾപ്പെടുത്താൻ സാധിക്കുകയില്ല. ഇവിടെ പറഞ്ഞതിനെല്ലാം വേണമെന്നുണ്ടെങ്കിൽ പ്രത്യേകം ഓർഡർ ഇടാവുന്നതാണു്.

മി: സ്പീക്കർ : ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ വെളിച്ചത്തിൽ ഈ അടിയന്തിര പ്രമേയത്തിനും അനുമതി നൽകുന്നില്ല.

(iv) Strike of the Students of the Music Academics in the State

മി: സ്പീക്കർ : സംഗീത വിദ്യാലയങ്ങളിലെ വിദ്യാർത്ഥികളും നടത്തിപോരുന്ന സമരത്തെക്കുറിച്ചു് ഇവിടെ ഒരു ചോദ്യത്തിനു് ഉത്തരം പറഞ്ഞതുകൊണ്ടു് അതൊരു അടിയന്തിരപ്രമേയമായി അനുവദിക്കുന്നില്ല.

(v) Statement by the Chief Minister.

ശ്രീ. കെ കരുണാകരൻ : ഞാൻ ഒരു അടിയന്തിര പ്രമേയത്തിനു് നോട്ടീസ് നൽകിയിട്ടുണ്ടു്. അതിനെപ്പറ്റി ഒന്നും പറഞ്ഞില്ല.

LIBRARY ARCHIVES Kerala Legislative Assembly